# ജി. എൽ. പി. എസ്. മുള്ളൂർ

## സ്വാതന്ത്ര്യദിനാഘോഷ റിപ്പോർട്ട്





ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ **75**ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് **'**ആസാദി കാ അമൃത് മഹോത്സവ്**'** പരിപാടികൾ ആഗസ്റ്റ് **10** മുതൽ **15** വരെ വിദ്യാലയത്തിൽ ആഘോഷപൂർവ്വം കൊണ്ടാടി**.**

ഓഗസ്റ്റ് എട്ടാം തീയതി സംഘടിപ്പിച്ച പ്രത്യേക എസ്ആർജിയിൽ ഓരോ ദിവസവും നടത്തേണ്ട പരിപാടികൾ ഏതൊക്കെയാണെന്നും ഏതെല്ലാം രീതിയിൽ സമുചിതമായ സംഘടിപ്പിക്കാം എന്നും തീരുമാനിച്ചു. കേരള സർക്കാരിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും നിർദേശപ്രകാരം വിദ്യാലയങ്ങളിൽ സംഘടിപ്പിക്കാൻ പറഞ്ഞ എല്ലാ പരിപാടികളും ഈ ദിവസങ്ങളിൽ സംഘടിപ്പിച്ചു.





ഓഗസ്റ്റ് **10** സ്വാതന്ത്ര്യത്തിന്റെ കയ്യൊപ്പ് ശേഖരണം എന്ന പരിപാടി സംഘടിപ്പിച്ചു.സ്കൂൾ പിടിഎ പ്രസിഡൻറ് കെ വി നന്ദകുമാർ തന്റെ കൈയ്യൊപ്പ് രേഖപ്പെടുത്തി ഈ പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് വാർഡ് മെമ്പർ , ഒ എസ്

എ പ്രസിഡൻറ് സ്കൂളിലെ മുഴുവൻ വിദ്യാർഥി വിദ്യാർഥിനികൾ രക്ഷിതാക്കൾ എന്നിവർ പ്രത്യേകം തയ്യാറാക്കിയ പ്രതലത്തിൽ തങ്ങളുടെ കൈയ്യൊപ്പ് രേഖപ്പെടുത്തി.

ഓഗസ്റ്റ് **11** ന് വിദ്യാലയത്തിൽ ' ഗാന്ധിമരം നടൽ' പരിപാടി ഒ എസ് എ ചെയർമാൻ , പിടിഎ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ വാർഡ് മെമ്പർ സീന ഷാജൻ നിർവഹിച്ചു. തുടർന്ന് ഒഎസ്എ ചെയർമാൻ പി.ടി.എ. പ്രസിഡൻറ് ,വിദ്യാലയത്തിലെ





മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ വിദ്യാലയങ്കണത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.

ഓഗസ്റ്റ് **12**ന് സ്കൂൾ അസംബ്ലിയിൽ ഭരണഘടനയുടെ ആമുഖം നാലാം ക്ലാസിലെ വേദിക മറ്റു വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു. സ്വാതന്ത്ര്യദിന ക്വിസ് മത്സരം,

ദേശീയ ഗാനാലാപന മത്സരം, പോസ്റ്റർ നിർമ്മാണം തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ അന്നേ ദിവസം സംഘടിപ്പിച്ചു.





ഓഗസ്റ്റ് **15**ന് രാവിലെ **8 30** ന് തന്നെ എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികളും രക്ഷിതാക്കളും നാട്ടുകാരും ഭാരവാഹികളും സ്കൂളിൽ എത്തിച്ചേർന്നു **9** മണിക്ക് വാർഡ് മെമ്പർ പിടിഎ ഒഎസ് ഭാരവാഹികൾ രക്ഷിതാക്കൾ എന്നിവരുടെ സാന്നിധ്യത്തിൽ ഹെഡ്മിസ്ട്രസ് ശ്രീമതി ടീച്ചർ ദേശീയ പതാക ഉയർത്തി.വാർഡ് മെമ്പർ ശ്രീന ഷാജൻ പിടിഎ പ്രസിഡണ്ട് കെ വി നന്ദകുമാർ ഒ എസ് എ സെക്രട്ടറി ഈ അച്യുതൻ ഭാരവാഹികളായ ടി നന്ദകുമാർ മനോഹരൻ എന്നിവർ സ്വാതന്ത്ര്യദിന സന്ദേശം

നൽകി.സ്വാതന്ത്ര്യദിന പരിപാടികളോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനവിതരണം നടത്തി തുടർന്ന് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളുടെയും കലാപരിപാടികൾ അരങ്ങേറി ഉച്ചയ്ക്ക് രക്ഷിതാക്കളുടെ സഹായത്തോടെ സഹകരണത്തോടെ തയ്യാറാക്കിയ പായസ വിതരണവും ഉണ്ടായിരുന്നു. തുടർന്ന് മുള്ളൂർ ഗ്രാമീണ വായനശാലയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ദേശീയ പതാകയുടെ മഹത്വം ഓതുന്ന ഒരു ഡോക്യുമെൻററി പ്രദർശനം നടന്നു. തുടർന്ന് ദേശീയ പതാക നിർമ്മിക്കാൻ വായനശാലയുടെ നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകി.





